എരിമയൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളടാപ്പുകൾ നിലനിർത്താൻ നടപടി

118 [5385] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരിമയൂർ ഗ്രാമപഞ്ചായത്തിൽ കേരളാ വാട്ടർ അതോറ്റിയുടെ കണക്ഷനുകളുടെ നടത്തിപ്പും പരിപാലനവും ഏറ്റെടുത്തിട്ടുള്ള ടി. എം. സി.-കൾ അതോറിറ്റി ഉപഭോക്താക്കൾക്ക് കുടിവെള്ളം നിഷേധിച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം എത്ര സംഭവങ്ങളുണ്ടായിട്ടുണ്ട്;

(സി) വെള്ളം നിഷേധിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ട്രാൻസിറ്റ് മെയിന്റനൻസ് കമ്മിറ്റികൾ പൊതുടാപ്പുകൾ വേണ്ടെന്ന് വച്ചിട്ടുണ്ടോ;

(ഇ) ഇതിൻപ്രകാരം എത്ര ടാപ്പുകൾ വേണ്ടെന്നുവച്ചു;

(എഫ്) പൊതുടാപ്പുകൾ തുടർന്നും നിലനിർത്താൻ ഗ്രാമപഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) 79 എണ്ണം

(എഫ്) പഞ്ചായത്തിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്.

കുനിശ്ശേരി-അങ്കമശാല ശുദ്ധജലവിതരണ സമിതി

119 [5386] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുനിശ്ശേരി-അങ്കമശാല ശുദ്ധജല വിതരണസമിതി (രജി. നമ്പർ. സി. എ. 605) യുടെ പ്രവൃത്തികളെ സംബന്ധിച്ച് സർക്കാരിന് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽനിന്നെല്ലാം; എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുനിശ്ശേരി-അങ്കമശാല ടി. എം. സി.-യുടെ പൊതുജനദ്രോഹകരമായ പ്രവൃത്തികളെ ചോദ്യം ചെയ്ത കുനിശ്ശേരി നിവാസികളായ 17 പേർ ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച കേസിന്റെ (ഒ. പി. നമ്പർ. 29792/02/വി) ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഡി) ഈ കേസിൽ ഉന്നയിക്കപ്പെട്ട കാര്യം പരിഹരിക്കുന്നതിന് സർക്കാർ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ എന്ന് വിശദീകരിക്കുമോ;

(ഇ) ശുദ്ധജലവിതരണ പദ്ധതികൾ പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് മുമ്പ് കേരള വാട്ടർ അതോറിറ്റിയുടെ കണക്ഷൻ ഉണ്ടായിരുന്ന എല്ലാ ഗാർഹിക-ഗാർഹികേതര ഉപഭോക്താക്കൾക്കും പൊതുസ്ഥാപനങ്ങൾക്കും തുടർന്നും മുടക്കമില്ലാതെ കുടിവെള്ളം വിതരണം ചെയ്യാൻ ഗ്രാമപഞ്ചായത്തധികൃതർക്കും എല്ലാം ടി. എം. സി.-കൾക്കും കർശനനിർദ്ദേശം നൽകുമോ?

ഉത്തരം

(എ) രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. സീതാറാം യു. പി. സ്കൂൾ, കുനിശ്ശേരി, കോപ്പവെൽ അയൽക്കൂട്ടം എന്നിവയിൽ നിന്നാണ് പരാതികൾ ലഭിച്ചത്.

(ബി) സീതാറാം യു. പി. സ്കൂളിലേക്ക് പാറക്കുളം ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും ജലവിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. കോപ്പവെൽ അയൽക്കൂട്ടത്തിന്റെ പരാതിയെക്കുറിച്ച് കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ജില്ലാ ആഫീസിൽനിന്നും നേരിട്ട് അന്വേഷണം നടത്തുകയും പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശം പഞ്ചായത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കേസ് ഇപ്പോഴും ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ഡി) പരാതികാർക്ക് നിലവിലുള്ള കുനിശ്ശേരി ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്;

(ഇ) നിർദ്ദേശം നൽകിയിട്ടുണ്ട്.

കുനിശ്ശേരി-അങ്കമശാല ശുദ്ധജല വിതരണ സമിതിക്കെതിരെയുള്ള ആക്ഷേപങ്ങൾ

120 [5387] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുനിശ്ശേരി-അങ്കമശാല ശുദ്ധജല വിതരണ സമിതി നാളിതുവരെ എത്ര കണക്ഷനുകൾ പുതുതായി നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly